# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2012 ഡിസംബർ 18, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

21 (*181 ) എഡ്യൂ-ഹെൽത്ത് സിറ്റി പദ്ധതി

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) നൽകിയ മറുപടിയിൽ, എമർജിംഗ് കേരള സംഗമത്തിൽ എഡ്യൂ-ഹെൽത്ത് സിറ്റി പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പ്രധാനമന്ത്രിയുടെ ഉപദേഷ്ടാവും മെന്റർ ഓഫ് കേരളയുമായ ശ്രീ. സാം പിത്രോദ സമർപ്പിച്ച പത്തിന പരിപാടിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരത്ത് നോളഡ്ജ് സിറ്റിയും കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ലൈഫ് സയൻസ് പാർക്കും എറണാകുളത്ത് കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ആഭിമുഖ്യത്തിൽ സയൻസ് സിറ്റിയും കോട്ടയത്ത് സ്വകാര്യ സംരംഭമായി നോളഡ്ജ് വില്ലേജും സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എമർജിംഗ് കേരള സംഗമത്തിൽ ലഭിച്ചിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ വകുപ്പിലും ആരോഗ്യ വകുപ്പിലും

ഐ.ടി. വകുപ്പിലും ലഭിച്ചിട്ടുള്ള പദ്ധതികൾ പലതും നോളഡ്ജ് പാർക്ക് എന്ന ആശയം കൂടി ഉൾക്കൊള്ളുന്നതാണ്. മലപ്പുറം ജില്ലയിലെ എഡ്യൂ-ഹെൽത്ത് സിറ്റി പ്രോജക്ടിന് വേണ്ടി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പ റേഷൻ വ്യവസായ വളർച്ചാ കേന്ദ്രത്തിനു വേണ്ടി ഏറ്റെടുത്ത 243.71 ഏക്കർ ഭൂമിയാണ് 12.09.2010-ൽ ഇൻകെലിനു കൈമാറിയത്. ഇതിൽ നിന്നും ഇപ്പോൾ 75 ഏക്കറോളം ഭൂമി കേന്ദ്ര സർവ്വകലാശാലയായ ഹൈദ്രാബാദിലെ ഇംഗ്ലീഷ് ആന്റ് ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റിയുടെ ഓഫ് കാമ്പസ് സ്ഥാപിക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിന് വിട്ടുകൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ലൈഫ് സയൻസ് പാർക്കിൽ ഡിപ്പാർട്ട്മെന്റ് ഓഫ് ബയോടെക്നോളജിയുടെ സഹായത്തോടെ ബയോ ടെക്നോളജി ഇൻകുബേഷൻ സെന്ററും കേന്ദ്ര സയൻസ് ആന്റ് ടെക്നോളജി വകുപ്പിന്റെ സഹായത്തോടെ ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജിയും ബയോമെഡിക്കൽ ഡിവൈസസ് ഹബ്ബും തുടങ്ങുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. എഡ്യു ഹെൽത്ത് സിറ്റി തുടങ്ങുന്ന പ്രോജക്ടുകളിലൊന്ന് സാമൂഹ്യ പ്രതിബദ്ധതയോടെ ആയിരിക്ക ണമെന്ന ഗവൺമെന്റ് നിർബന്ധത്തെത്തുടർന്നുള്ള ചർച്ചയുടെ അടിസ്ഥാന ത്തിൽ സൗജന്യ ചികിത്സാ സൗകര്യമുള്ള ഒരു ക്യാൻസർ സെന്റർ തുടങ്ങാനും തീരുമാനിച്ചിട്ടുണ്ട്. മലപ്പുറത്തെ എഡ്യൂ-ഹെൽത്ത് സിറ്റി ഇപ്പോൾ ആസൂത്രണത്തിന്റെ അന്തിമ ഘട്ടത്തിലാണ്. പ്രാഥമിക മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിന് വേണ്ടി 73.81 കോടി രൂപയും, ഇതിലുള്ള പദ്ധതികൾ വികസിപ്പിക്കുന്നതിനുവേണ്ടി 2236 കോടി രൂപയും മുതൽമുടക്ക് പ്രതീക്ഷിക്കുന്നുണ്ടെങ്കിലും നിക്ഷേപകർ

ആരെല്ലാമാണെന്ന് ഇതുവരെ തീരുമാനമായിട്ടില്ല. തിരുവനന്തപുരത്തെ ലൈഫ് സയൻസ് പാർക്കിനു വേണ്ടി 50 ഏക്കറോളം ഭൂമി അക്വയർ ചെയ്തിട്ടുണ്ട്. നോളഡ്ജ് സിറ്റിക്ക് 150 ഏക്കറും, സയൻസ് സിറ്റിക്ക് 50 ഏക്കറും ഭൂമി നൽകുന്ന കാര്യം പരിഗണനയിലാണ്. എമർജിംഗ് കേരളയിൽ ലഭിച്ച പ്രോജക്ടുകൾ വിവിധ സമിതികളുടെ കീഴിൽ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. ഏറ്റെടുത്തിട്ടുള്ള പ്രോജക്ടുകൾ നടപ്പിലാക്കാനാണ് മുൻഗണന കൊടുക്കുന്നത്. സ്മാർട്ട് സിറ്റി യാഥാർത്ഥ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ദുബായ് ഗവൺമെന്റുമായി ഉന്നതതലത്തിൽ ഡിസ്കസ് ചെയ്യുന്നതിനുള്ള നടപടികളാണ് നടക്കുന്നത്. എഡ്യൂക്കേഷൻ സെക്ടറിലും ഐ.ടി. സെക്ടറിലും നൂതന ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും വിദ്യാർത്ഥികളെ തൊഴിൽ ദാതാക്കളാക്കുന്നതിനുമായി സ്റ്റാർട്ട് അപ് വില്ലേജ് രൂപീകരിച്ചിട്ടുണ്ട്. വ്യവസായ ആവശ്യത്തിന് ഭൂമി കൊടുക്കുന്നതിനുള്ള വ്യവസ്ഥകൾ പാലിക്കാത്തവരിൽനിന്ന് ഭൂമി തിരിച്ചെടുക്കും. സ്വകാര്യസംരംഭകർക്ക് ഭൂമിയല്ല സംരംഭങ്ങൾ തുടങ്ങുന്നതിന് അനുമതിയാണ് കൊടുക്കുന്നത്. കിനാലൂർ, മാവൂർ എന്നിവിടങ്ങളിലെ ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററുകളുടെ സ്ഥലം പ്രയോജനപ്പെടുത്തുന്നതിന് പ്രയോറിറ്റി കൊടുക്കുമെന്ന് ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

22 (*182) <u>കൊച്ചി മെട്രോ നിർമ്മാണവും ക്യാബിനറ്റ് തീരുമാനങ്ങളും</u>

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) നൽകിയ മറുപടിയിൽ, കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ നിർമ്മാണ

പ്രവർത്തനങ്ങൾ  ടേൺ കീ അടിസ്ഥാനത്തിൽ ഡെപ്പോസിറ്റ് വർക്കായി നടപ്പാക്കുന്നതിന് ഡി.എം.ആർ.സി.യെ ഏൽപ്പിക്കുവാൻ 28.03.2012-ൽ ചേർന്ന മന്ത്രിസഭാ യോഗം തീരുമാനിച്ചുവെന്നും  ഈ പദ്ധതി ഡോ. ഇ. ശ്രീധരന്റെ പങ്കാളിത്തത്തോടെ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും സഭയെ അറിയിച്ചു.  കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ബന്ധപ്പെട്ടവർക്ക് അടിയന്തര നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ട് കേരള മുഖ്യമന്ത്രി 24.10.2012-ൽ കേന്ദ്ര നഗര വികസന വകുപ്പുമന്ത്രി ശ്രീ. കമൽനാഥിനും പ്രധാനമന്ത്രിക്കും കത്തയയ്ക്കുകയുണ്ടായി. ഡൽഹിക്ക് പുറത്തുള്ള ജോലികൾ ഏറ്റെടുക്കുന്നതിന് ഡയറക്ടർ ബോർഡിന്റെ അനുമതി വേണമെന്ന് ഒക്ടോബർ 15-ന് ചേർന്ന ഡി.എം.ആർ.സി.യുടെ ഡയറക്ടർ ബോർഡ് യോഗം തീരുമാനമെടുത്തിരുന്നു.  കൂടാതെ ഡൽഹിയിലെ പുതിയ പദ്ധതികൾ ഏറ്റെടുക്കേണ്ടതുള്ളതിനാലും നിലവിലുള്ള ലൈനുകളിലെ അറ്റകുറ്റപ്പണികൾ നടത്തേണ്ടതുള്ളതിനാലും ഡി.എം.ആർ.സി.ക്ക് ഡൽഹിക്ക് പുറത്തുള്ള മറ്റ് പദ്ധതികൾ ഏറ്റെടുക്കാൻ പ്രയാസമാണെന്ന് ഡൽഹി മുഖ്യമന്ത്രി കേരള മുഖ്യമന്ത്രിക്ക് അയച്ച കത്തിൽ അറിയിക്കുകയുണ്ടായി.  തുടർന്ന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നവംബർ 23-ന് ഡൽഹിയിൽ വച്ച് കേന്ദ്ര നഗര വികസന വകുപ്പ് മന്ത്രിയുമായി നടന്ന ചർച്ചയിൽ ഡൽഹി മെട്രോയുടെ പ്രവർത്തനങ്ങളെ ബാധിക്കാത്ത രീതിയിൽ കൊച്ചി മെട്രോയുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ ഡി.എം. ആർ.സി. പങ്കെടുക്കുമെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതിയിൽ ഡി.എം.ആർ.സി.യുടെ പങ്ക് നിർണ്ണയിക്കുന്നതിനായി ഒരു

ടേംസ് ഓഫ് എൻഗേജ്മെന്റ് തയ്യാറാക്കുകയാണ്. ഇതിനായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് പദ്ധതിയുടെ കേന്ദ്ര അനുമതിക്കുള്ള നടപടിക്രമങ്ങളും നടന്നുകൊണ്ടിരിക്കുന്നു. കേന്ദ്ര നഗര വികസന മന്ത്രാലയത്തിന്റെ 2012 ഏപ്രിൽ 27-ാം തീയതിയിലെ കത്തിൽ, പദ്ധതിയുടെ അംഗീകാരത്തിനായുള്ള നടപടിക്രമങ്ങളും സംസ്ഥാന സർക്കാർ സ്ഥാപനമായ കെ.എം.ആർ.എൽ.-നെ കേന്ദ്ര-സംസ്ഥാന സർക്കാർ സ്ഥാപനമായി ഉയർത്തുന്ന നടപടികളും പുരോഗമിക്കുന്നതിനാലും ഈ കമ്പനി മറ്റ് കമ്പനികളുമായോ കൺസൽട്ടന്റുമാരുമായോ ഏതെങ്കിലും വിധത്തിലുള്ള കരാർ വ്യവസ്ഥകളിൽ ഏർപ്പെടാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ടായിരുന്നു. കേന്ദ്ര സർക്കാർ 2012 ജൂലൈ 12-ാം തീയതി കൊച്ചി മെട്രോ റെയിൽ പദ്ധതിക്ക് അംഗീകാരം നൽകിയതിനെത്തുടർന്ന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി 2012 സെപ്റ്റംബർ 11-ന് ഡയറക്ടർ ബോർഡ് പുന:സംഘടിപ്പിച്ചു. ഒക്ടോബർ 19-ന് ചേർന്ന ഡയറക്ടർ ബോർഡ് യോഗത്തിൽ പദ്ധതിയുടെ നിർമ്മാണ നിർവ്വഹണം ഡി.എം.ആർ.സി.യെ ഏൽപ്പിക്കാനുള്ള നിർദ്ദേശം വന്നുവെങ്കിലും ഡൽഹിക്ക് പുറത്ത് ജോലികൾ ഏറ്റെടുക്കുന്നതിന് ഡയറ്കടർ ബോർഡിന്റെ അനുമതി നിർബന്ധമാക്കിയതായി കെ.എം.ആർ.എൽ. ഡയറക്ടർ ബോർഡിനെ ഡി.എം.ആർ.സി. അറിയിച്ചതിനാൽ ഇത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കാൻ കഴിഞ്ഞില്ല. 2013 ജനുവരി 8-ാം തീയതി കേന്ദ്ര നഗരവികസന വകുപ്പുമന്ത്രി ശ്രീ.കമൽനാഥ് കേരളത്തിലെത്തുമ്പോൾ അത് ഫൈനലൈസ് ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൊച്ചി മെട്രോ പദ്ധതിയുടെ പശ്ചാത്തല വികസന

ത്തിന്റെ ഭാഗമായി അവിടത്തെ റോഡുകൾ വീതികൂട്ടി ടാർ ചെയ്യുകയും ആർ.ഒ.ബി സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിലെ മോണോ റെയിൽ പദ്ധതി ക്കുവേണ്ടി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും ഇതിനായി ഒരു കമ്പനി രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. മെട്രോ റെയിൽ പദ്ധതി സംബന്ധിച്ച കാര്യങ്ങളിൽ ജനപ്രതിനിധികൾക്ക് ആവശ്യമായ വിശദീകരണം കൊടു ക്കാൻ തയ്യാറാണെന്ന് ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

23 (*183) ഓർഡിനൻസുകൾ

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കുവേണ്ടി ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) നൽകിയ മറുപടിയിൽ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുൻ സർക്കാരിന്റെ കാലത്തു പുറപ്പെടുവിച്ച 11 ഓർഡിനൻസുകളുൾപ്പെടെ 37 ഓർഡിനൻസു കൾ വിളംബരപ്പെടുത്തിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. നിയമസഭ സമ്മേള നത്തിൽ അല്ലാതിരിക്കുകയും എന്നാൽ അടിയന്തര നിയമനിർമ്മാണം ആവശ്യമായി വരികയും ചെയ്യുന്ന സാഹചര്യങ്ങളിൽ മാത്രമാണ് ഓർഡി നൻസുകൾ പുറപ്പെടുവിക്കുന്നത്. ഓർഡിനൻസുകൾക്ക് പകരമുള്ള ബില്ലു കൾ പ്രസിദ്ധീകരിച്ചശേഷം സഭ മുമ്പാകെ അവതരിപ്പിക്കുവാനോ അവതരി പ്പിച്ച ബില്ലുകൾ പാസാക്കുവാനോ കഴിയാതെ വരുമ്പോൾ ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ട സാഹചര്യത്തിൽ പുനർവിളംബരം ചെയ്യേണ്ടി വരുമെന്നും അപ്രകാരം 25 ഓർഡിനൻസുകൾ പല ആവർത്തി വിളംബരം ചെയ്തിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി 184 മുതൽ 210 വരെയുള്ള ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2121 മുതൽ 2471 വരെയുള്ള ചോദ്യങ്ങളിൽ 260 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം മറുപടി നൽകി)